ഷെഡ്യൂൾഡ് ബാങ്കുകളുടെ സംസ്ഥാനത്തെ എല്ലാ ശാഖകളും അവരവരുടെ സേവന പരിധികളിൽ (സർവീസ് ഏരിയാ) ഈ പദ്ധതി പ്രകാരം വായ്പകൾ നൽകും. ഈ പദ്ധതിയുടെ പ്രധാനപ്പെട്ട വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

- ബാങ്കിതര സ്ഥാപനത്തിന് തിരിച്ചടയ്ക്കേണ്ട യഥാർത്ഥ വായ്പാ തുകയോ അപേക്ഷകന്റെ ആകെ വാർഷിക വരുമാനത്തിന്റെ 150 ശതമാനമോ അതിൽ ഏതാണോ കുറവും, പരമാവധി 50,000 രൂപയായും വായ്പാതുക നിജപ്പെടുത്തിയിട്ടുണ്ട്.
- ബാങ്കുകൾ ഈടാക്കുന്ന അടിസ്ഥാന പലിശ നിരക്കിലാണ് ഈ വായ്പ നൽകുന്നത്.
- പ്രസ്തുത വായ്പ യാതൊരുവിധ ജാമ്യവുമില്ലാതെയാണ് അനുവദിക്കുന്നത്.
- വായ്പ അനുവദിക്കുന്ന സമയത്ത് യാതൊരുവിധ പ്രോസസിംഗ് ഫീസും ഈടാക്കുന്നതല്ല.
- വായ്പാ തിരിച്ചടവിന്റെ കാലാവധി 5 വർഷം ആണ്.
- വായ്പയ്ക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി 18 മുതൽ 60 വയസ്സുവരെയാണ്.
- അപേക്ഷകർ റവന്യൂ അധികൃതരിൽനിന്ന് ലഭിച്ച വാർഷിക വരുമാന സർട്ടിഫിക്കറ്റും സ്വകാര്യ പണമിടപാടുകാരിൽ നിന്നെടുത്ത വായ്പയെ സംബന്ധിച്ച അപേക്ഷകരുടെ സത്യപ്രസ്താവനയും (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർ സാക്ഷ്യപ്പെടുത്തിയത്) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- അപേക്ഷകൻ എടുത്ത വായ്പ ബാങ്കിതരസ്ഥാപനത്തിൽ നിന്നായിരിക്കണം.
- അപേക്ഷകൻ വായ്പയ്ക്കായി അപേക്ഷിക്കുന്ന ബാങ്കിന്റെ സേവന മേഖലയിലെ സ്ഥിര താമസക്കാരനായിരിക്കണം.

സർക്കാർ ജീവനക്കാർക്ക് ഹൗസ്ബിൽഡിംഗ് അഡ്വാൻസ്

118 (7954) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര സർക്കാർ ജീവനക്കാർക്ക് ഹൗസ്ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായുള്ള എത്ര അപേക്ഷകൾ സർക്കാരിനു മുന്നിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) ഈ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പ് കൽപ്പിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 7518 സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായുള്ള 1164 അപേക്ഷകൾ സർക്കാരിന് മുന്നിലുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം തന്നെ ഈ അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

എച്ച്.ബി.എ. ഫ്ലോട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ഇളവ്

119 (7955) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് എടുത്ത് ഭവന നിർമ്മാണം ആരംഭിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മണൽ, ചെങ്കല്ല് തുടങ്ങിയ കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് നേരിടുന്ന ക്ഷാമംമൂലം വീട് പണിപൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലതാമസം നേരിടുന്നതിനാൽ എച്ച്.ബി.എ. എടുത്ത് ഒരു വർഷത്തിനകം പൂർത്തികരിച്ച് ഫ്ലോട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന നിബന്ധനയിൽ ഇളവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. ഹൗസ് ബിൽഡിംഗ് അഡ്വാൻസ് എടുത്ത് ഭവന നിർമ്മാണം ആരംഭിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മണൽ, ചെങ്കല്ല് തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് നേരിടുന്ന ക്ഷാമംമൂലം വീട് പണി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതുമായി ബന്ധപ്പെട്ട പരാതികൾ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly